# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 4, ചൊവ്വ

നമ്പർ 22

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷനേതാവ് അറിയിച്ചു. തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി പറയുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ളതായി പറയപ്പെടുന്ന നീക്കത്തെ സംബന്ധിച്ച് ശ്രീ. കെ. രാജൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങളുടെ പട്ടിക താഴെപ്പറയുന്നു:

| *ക്രമ നമ്പർ* | *അംഗത്തിന്റെ പേര്* | *വിഷയം* | *വകുപ്പുമന്ത്രി* |
|---|---|---|---|
| *(1)* | *(2)* | *(3)* | *(4)* |
| 1 | ശ്രീ. എ. എൻ. ഷംസീർ | പോലീസ് വകുപ്പിലെ നിയമനം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | റബ്ബർ വിലയിടിവുമൂലമുണ്ടായിട്ടുള്ള കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |

KNPP. 28/2017(i).

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | ശ്രീ. മുരളി പെരുനെല്ലി | തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. ടി. എ. റഹീം | മാവൂരിൽ പി.എച്ച്.സി. അനുവദിക്കുന്നതും ചെറൂപ്പ സി.എച്ച്.സി. യുടെ വികസനവും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | സാക്ഷരതാ പ്രേരക്മാരുടെ വേതനം വർദ്ധിപ്പിക്കുന്നതും ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതും സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ബാബു | നെന്മാറയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. രാജു എബ്രഹാം | അപകടകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നത് സംബന്ധിച്ച് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു:

<u>ചട്ടം 47(2) പ്രകാരം</u> :

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 601-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2553-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>റിപ്പോർട്ട് സമർപ്പണം</u> :

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>സഭാ സമ്മേളനം ചേരുന്നത് സംബന്ധിച്ച പ്രമേയം</u> :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

"പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനായി അംഗീകരിച്ചിട്ടുള്ള കലണ്ടറിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ഒക്ടോബർ 7-ാം തീയതി വെള്ളിയാഴ്ചയിലെ സമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നു."

<u>ധനകാര്യം</u> :

<u>2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ അവതരിപ്പിച്ചു. പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രമേയം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സി. കൃഷ്ണൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. സി. കെ. നാണു

ശ്രീ. എം. നൗഷാദ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മ മറുപടി പറഞ്ഞു. തുടർന്ന് ധനാഭ്യർത്ഥന സഭ ഐകകണ്ഠേന പാസ്സാക്കി.

2016 ഒക്ടോബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.44-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, October 4, 2016*

**No. 22**

The Assembly met at 8.30 a.m. with Mr.Speaker in the Chair.

The Leader of Opposition informed the House that they were boycotting the business of the House.

The Members belonging to Opposition staged walkout.

*Questions :*

Three questions in the list of questions posted for the day were answered orally.

*Calling Attention :*

Shri K. Rajan called the attention of the Minister for Labour and Excise to the reported move to terminate the casual employees working in the State Bank of Travancore due to its merger into the State Bank of India. The Minister made a statement thereto.

*Matters raised under Rule 304 :*

The matters raised by Members under Rule 304 are listed below:

| *ക്രമ നമ്പർ* | *അംഗത്തിന്റെ പേര്* | *വിഷയം* | *വകുപ്പുമന്ത്രി* |
|---|---|---|---|
| *(1)* | *(2)* | *(3)* | *(4)* |
| 1 | ശ്രീ. എ. എൻ. ഷംസീർ | പോലീസ് വകുപ്പിലെ നിയമനം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | റബ്ബർ വിലയിടിവുമൂലമുണ്ടായിട്ടുള്ള കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുരളി പെരുനെല്ലി | തൃശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടി സംബന്ധിച്ച് | ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ശ്രീ. പി. ടി. എ. റഹീം | മാവൂരിൽ പി.എച്ച്.സി. അനുവദിക്കുന്നതും ചെറൂപ്പ സി.എച്ച്.സി. യുടെ വികസനവും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | സാക്ഷരതാ പ്രേരക്മാരുടെ വേതനം വർദ്ധിപ്പിക്കുന്നതും ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതും സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ബാബു | നെന്മാറയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 7 | ശ്രീ. രാജു എബ്രഹാം | അപകടകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നത് സംബന്ധിച്ച് | തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി. |

The Ministers concerned made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the Table:

*As per Rule 47 (2) :*

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 601-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2553-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Presentation of Reports :*

The First and Second Reports of the Committee on Estimates were presented.

*Motion regarding the meeting of the Assembly:*

The House adopted the following motion moved by the Chief Minister Shri Pinarayi Vijayan.

"പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനായി അംഗീകരിച്ചിട്ടുള്ള കലണ്ടറിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ഒക്ടോബർ 7-ാം തീയതി വെള്ളിയാഴ്ചയിലെ സമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നു."

*Financial Business:*

<u>Discussion and Voting on the Demands for Grants in the revised Budget for the Financial Year 2016-17</u>

Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry moved Demand No.XXXIII–Fisheries for the amount shown against it under column 9 in the list of Demands for Grants. The Minister for Finance and Coir laid on the Table a Statement under Rule 236(3) with regard to Demand No.XXXIII.

Cut Motions were not moved.

The following Members took part in the discussion:

Shri C. Krishnan

Smt. Geetha Gopi

Shri John Fernandez

Shri C. K. Nanu

Shri M. Noushad

Shri P. C. George

Shri V. Abdurahiman

Shri V. R. Sunil Kumar

Shri K. V. Abdul Khader.

Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry replied to the points raised in the discussion. Then the Demand was passed unanimously.

The Home adjourned at 12.44 p.m. to meet again at 8.30 a.m. on Wednesday October 5, 2016.

V. K. Babu Prakash,
*Secretary.*